രാത്രി 12നു ശേഷം

അഖിൽ പി ധർമ്മജൻ

രാത്രി പന്ത്രണ്ടിനുശേഷം ജോലി കഴിഞ്ഞു
മടങ്ങുകയായിരുന്നു വനിത സേവ്യർ.
മഴതോർന്നെങ്കിലും ആകാശത്ത് കൊള്ളിയാൻ
ഇടയ്ക്കിടെ മിന്നുന്നുണ്ട്.
ആ യാത്രയിൽ വീടെത്തുംമുമ്പേ,
അവളുടെ കാർ ഒരാളെ ഇടിച്ചിട്ടു.
ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും അയാൾ
അവിടെനിന്നും കടന്നുകളഞ്ഞു. അതോടെ എല്ലാം
അവസാനിച്ചെന്നു കരുതിയെങ്കിലും അയാളുടെ
സാന്നിദ്ധ്യം അവളെ പിന്തുടരുന്നതുപോലെ
വനിതയ്ക്കു തോന്നി. ആരാണ് അയാൾ?
അയാളെത്തേടിയുള്ള വനിതയുടെ
യാത്രയ്ക്കൊപ്പം കൂടാൻ നിങ്ങളെ ക്ഷണിക്കുന്നു;
ബാണാസുരൻ രക്ഷിക്കട്ടെ!

FROM THE AUTHOR OF

റാം c/o അനന്ദി

ഡി സി ബുക്സ്

www.dcbooks.com

നോവൽ

കവർ ഡിസൈൻ
ഹരിൺ കൈരളി പുന്നപ്ര

ISBN 978-93-6487-610-0

00006

9 789364 876100

₹ 380

E-book Available

രാത്രി 12നു ശേഷം • അഖിൽ പി ധർമ്മജൻ



2576

രാത്രി 12നു ശേഷം

കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യ പരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകർന്ന്, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ സാഹിത്യവർത്തമാനങ്ങൾ... dcink.in

അഖിൽ പി ധർമ്മജൻ

1993–ൽ ആലപ്പുഴ ജില്ലയിലെ പാതിരപ്പള്ളിയിൽ ജനിച്ചു. പിതാവ്: കെ.വി. ധർമ്മജൻ, മാതാവ്: മഹേശ്വരി ധർമ്മജൻ. ആലപ്പുഴ എസ്.ഡി.വി. സ്കൂൾ, പാതിരപ്പള്ളി വി.വി.എസ്.ഡി. എൽ.പി. സ്കൂൾ-യു.പി. സ്കൂൾ, മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ പൂങ്കാവ്, ഹോളി ഫാമിലി എച്ച്.എസ്.എസ്. കാട്ടൂർ തുടങ്ങിയ സ്കൂളുകളിൽ വിദ്യാഭ്യാസം. മെക്കാനിക്കലിലും ഫിലിം മേക്കിങ്ങിലും ഡിപ്ലോമ നേടിയിട്ടുണ്ട്. *2018* സിനിമയുടെ സഹരചയിതാവ്. തിരക്കഥയ്ക്ക് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

അഖിൽ പി ധർമ്മജന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ
നോവൽ: റാം C/O ആനന്ദി, ഓജോ ബോർഡ്, മെർക്കുറി ഐലന്റ്–ലോകാവസാനം, രാത്രി 12നു ശേഷം

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
അഖിൽ പി ധർമ്മജന്റെ പുസ്തകങ്ങൾ
പരിചയപ്പെടാൻ ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ.

രാത്രി 12നു ശേഷം

അഖിൽ പി ധർമ്മജൻ

ഡി സി ബുക്സ്

D C Books
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Rāthri Panthrandinu Sesham
NOVEL
by Akhil P Dharmajan

Rights Reserved

First Published April 2025
This edition- August 2025

P-ISBN: 978-93-6487-610-0

E-ISBN: 978-93-6487-618-6

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Akhil P Dharmajan
Rathri panthrandinu sesham/ Akhil P Dharmajan.
304 p., 21 cm.
ISBN 978-93-6487-610-0
1.Malayalam novel. I.Title
894.812 3-dc 22.

This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.

FSC
www.fsc.org
FSC® A000509
The mark of responsible forestry

This book is produced from independently certified FSC® paper to ensure responsible forest management.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

940/25-26-Sl.No. 28929-dcb 9097-(6)-5000-6390-08-25-hn 60-T4-e rr-d (t) py

നിറത്തിന്റെയും ഭിന്നശേഷിയുടെയും പേരിൽ
വിവേചനം നേരിട്ടവർക്ക്, അവർക്കൊപ്പം
നിൽക്കുന്നവർക്ക്.

പ്രിയ സുഹൃത്തേ,

പുസ്തകം വായിക്കാനെടുത്തതിന് നന്ദി. 'രാത്രി 12നു ശേഷം' എന്റെ നാലാമത്തെ നോവലാണ്. മറ്റു മൂന്നു നോവലുകളും കഥയിലും പരിചരണത്തിലും മൂന്നു തരത്തിലുള്ളതായിരുന്നു. ഇത് നാലാമതൊരു തരത്തിലുള്ള നോവലാണ്. അത് വഴിയേ പറയുന്നുണ്ട്.

നാലുവർഷത്തോളമായി ഞാൻ ഈ നോവലിൽ ചുറ്റിത്തിരിയുകയാണ്. കാരണം, നാലു വർഷങ്ങൾക്കു മുമ്പേ ഈ കഥ ഞാൻ എഴുതിക്കഴിഞ്ഞിരുന്നു. സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെ അന്നുതന്നെ നോവൽ അനൗൺസ് ചെയ്തതുമാണ്. അക്കാലത്താണ് നോവലുമായി സാദൃശ്യം അവകാശപ്പെടാവുന്ന ഒരു വെബ്സീരീസ് റിലീസായത്. അതെനിക്ക് വലിയ ആഘാതമാണ് നൽകിയത്. പിന്നെ ഓർത്തു, എനിക്ക് ഈ വിഷയം എഴുതാൻ വിധിയില്ലായിരിക്കുമെന്ന്. അങ്ങനെ വളരെയധികം വിഷമത്തോടെ നോവൽ ഞാൻ ഉപേക്ഷിച്ചു.

പിന്നീട് പുതിയ ഒരു നോവൽ എഴുതാൻ ശ്രമിച്ചെങ്കിലും ഇതിലെ കഥാപാത്രങ്ങളും സംഭവങ്ങളും മനസ്സിൽനിന്ന് പോയില്ല. രാത്രികാലങ്ങളിൽ ഉറക്കംപോലും നഷ്ടപ്പെട്ടു. മാനസികാരോഗ്യത്തെ കാര്യങ്ങൾ ബാധിക്കുന്നു എന്ന് കണ്ടപ്പോൾ ഉപേക്ഷിച്ച കഥ ഞാൻ വീണ്ടും പൊടിതട്ടിയെടുത്തു. ക്ഷമയോടെ കുറേ സമയമെടുത്ത് പൂർണ്ണമായും കഥ മാറ്റിയെഴുതി. അപ്പോഴതാ ഇതേ വിഷയത്തിൽ മറ്റൊരു സിനിമ വന്നിരിക്കുന്നു. എന്റെ അതേ ക്ലൈമാക്സ്. വീണ്ടും നിരാശ. കഥ ഉപേക്ഷിക്കാൻ ഞാൻ ഒരുക്കമായിരുന്നില്ല. നോവൽ വീണ്ടും വീണ്ടും മാറ്റിയെഴുതി.

ഇനി ഈ പുസ്തകത്തെക്കുറിച്ച് പറയാം. കഥയിൽ ചോദ്യമുണ്ടോ എന്ന പഴയ ചോദ്യത്തിന് ഇപ്പോഴും ഉത്തരം പഴയതു

തന്നെ, ഇല്ല. ഇക്കഥയും നിങ്ങളുടെയുള്ളിൽ ഒരുപാട് ചോദ്യ ങ്ങളുണ്ടാക്കിയേക്കാം. വയനാട്ടിൽ ഒരിക്കൽ യാത്ര പോയ പ്പോൾ കേട്ട ഒരു സംഭവകഥ വികസിപ്പിച്ച് എഴുതിയിരിക്കുന്ന ഒരു കെട്ടുകഥമാത്രമാണിത്. പിന്നീട് ആ വിഷയവുമായി ബന്ധ പ്പെട്ട് പല ഡോക്യുമെന്ററികളും യൂട്യൂബ് വീഡിയോകളും വന്നിരുന്നു. ഒരുപക്ഷേ, വായനക്കാരിൽ ചിലർക്കെങ്കിലും ആ കാര്യങ്ങൾ സുപരിചിതമായിരിക്കും. ഏതെങ്കിലും മതത്തെയോ ജനവിഭാഗത്തെയോ നാടിനെയോ ചരിത്രത്തെയോ രാഷ്ട്രീയ പാർട്ടികളെയോ ഈ കഥയിലൂടെ ആക്ഷേപിക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. എല്ലാം എന്റെ വെറും സങ്കല്പങ്ങൾമാത്രമാണ്.

അമിതമായ പ്രതീക്ഷ വെക്കാതിരിക്കാൻ ദയവായി ശ്രദ്ധി ക്കുക. എന്നിരുന്നാലും ക്ലൈമാക്സ് അതീവ ശ്രദ്ധയോടെയും വായന മുറിഞ്ഞുപോകാതെയും വായിക്കാൻ ഞാൻ അഭ്യർ ത്ഥിക്കുന്നു. കാരണം, പല കഥാപാത്രങ്ങളിലൂടെ ഒരേ കഥ പല വീക്ഷണകോണുകളിൽ അവതരിപ്പിക്കുന്ന ആഖ്യാനം ഈ കഥ ആവശ്യപ്പെടുന്നുണ്ടായിരുന്നു. സിനിമകളിലൂടെ സുപരി ചിതമായ ആഖ്യാനരീതി നോവലിൽ എത്രത്തോളം വിജയിച്ചു വെന്ന് നിശ്ചയിക്കേണ്ടത് നിങ്ങളാണ്. മിസ്റ്ററി ത്രില്ലർ വിഭാഗ ത്തിലുൾപ്പെടുന്ന നോവലായതിനാൽ, പ്രധാന വഴിത്തിരിവു കളും വിഷയവും വായിക്കാത്തവരുമായി പങ്കുവെക്കാതെ മനസ്സിൽത്തന്നെ സൂക്ഷിക്കുമല്ലോ, അല്ലേ?

അപ്പോൾ, നിങ്ങളെ ഏവരെയും ഇടിയും മഴയുമുള്ള ഒരു രാത്രിയിലേക്ക് ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

അഖിൽ പി ധർമ്മജൻ

രാത്രി 12നു ശേഷം